# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2125 — 07.12.2015-ൽ മറുപടിയ്ക്ക്

## കണ്ടൽക്കാടുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സംരക്ഷിത കണ്ടൽ വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | എ) സംസ്ഥാനത്ത് എത്ര ഹെക്ടർ കണ്ടൽ വനങ്ങൾ ഉണ്ടെന്നുള്ള പഠനം അടുത്തകാലത്ത് നടത്തിയിട്ടില്ല എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 1671 ഹെക്ടർ കണ്ടൽ വനങ്ങളുണ്ട്.. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| തിരുവനന്തപുരം | - | 23 | ഹെക്ടർ |
| കൊല്ലം | - | 58 | ” |
| ആലപ്പുഴ | - | 90 | ” |
| കോട്ടയം | - | 80 | ” |
| എറണാകുളം | - | 260 | ഹെക്ടർ |
| തൃശ്ശൂർ | - | 21 | ഹെക്ടർ |
| മലപ്പുറം | - | 12 | ” |
| കോഴിക്കോട് | - | 293 | ” |
| കണ്ണൂർ | - | 755 | ” |
| കാസർകോഡ് | - | 79 | ” |
| ആകെ | | 1671 | |

=======

| | | | |
|---|---|---|---|
| ബി) | കണ്ടൽക്കാട്ടുകളുടെ സംരക്ഷണത്തിന് വനം വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ: | ബി) | The Kerala Promotion of Tree growth in Non Forest Areas (Amendment Act 2007) Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കേണ്ടതും നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ് . കൂടാതെ കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് പദ്ധതി തയ്യാറാക്കുകയും ആയതിന് സർക്കാർ 14.09.2010 -ൽ ജി.ഒ.(ആർ.റ്റി)402/12/എഫ്.ആന്റ് ഡബ്ളിയു.എൽ.ഡി. പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കണ്ടൽ തൈകൾ |

പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ചു നിലനിർത്താൻ താൽപര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000/- രൂപ (നാലായിരം രൂപ) പാരിതോഷികമായി നൽകുക. കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ ആണ് വനം വകുപ്പ് കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്.

| | | |
|---|---|---|
| സി) | കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനുള്ള വകുപ്പുതല ഉദ്യോഗസ്ഥ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) അതാതു ജില്ല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 07.03.2014-ലെ Kerala Coastal Zone |

പ്രകാരം അതാത് ജില്ലാ കളക്ടർ മാർക്ക് അവരവരുടെ അധികാരപരിധിയിൽ വരുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് ഭംഗം വരുത്തുന്നവർക്കെതിരെ Environmental Protection Act 1986 Section 19 പ്രകാരം നടപടിയെടുക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ